ലേഖനം

# ഫിഡൽ കാസ്ടോ

ജോൺ ഇളമത

കലാപത്തിൻെറ തിരുശേഷിപ്പായി ഫിഡൽ കാസ്ടോ ലോകചരിത്രത്തിൽ അലിഞ്ഞിരിക്കുന്നു.കാസ്ട്രോയെപ്പറ്റി ചിന്തിക്കുമ്പോൾ അനേക മുഖങ്ങളാണ് നമ്മുടെ മുമ്പിലേക്കെത്തുന്നത്.വിപ്ലവകാരി,നിരീശ്വരൻ,ആശയവാദി,അരോചകവാദി,അക്രമവാദി.വാസ്തവത്തിൽ ആരായിരുന്നു അദ്ദേഹം!ലോകം കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും വലിയ വിപ്ലവകാരി.അമേരിക്കൻ ഐക്യനാടുകളെ പലവട്ടം വിറപ്പിച്ച അറ്റ്ലാൻറിക് സമുദ്രത്തിലെ സിംഹം.പലവട്ടം ആ സിംഹ ഗർജ്ജനം മുതലാളിത്വത്തെ വിറപ്പിച്ചു.അമേരിക്ക അറുനൂറ്റി മുപ്പത്തിനാലു തവണ വധിക്കാൻ ശ്രമിച്ച അത്ഭുത പ്രതിഭാസം!

ഹവാനയിൽ നിന്ന് എണ്ണൂറു കിലോമിറ്റർ ദൂരത്തിലുള്ള ഒരു ധനിക കർഷക കുടിയേറ്റക്കാരൻെറ പുത്രനായിട്ടാണ് ആ രക്തനക്ഷത്രം പിറന്നത്.ആലോചിച്ചു നോക്കൂ! ധനികനും,വെള്ളക്കാരനുമായി പിറന്ന അദ്ദേഹം വിപ്ലവവാദിയും,അരോചകവാദിയുമായി മാറിയതെങ്ങനെ!ക്യൂബൻ റമ്മിൻെറയും ചുരുട്ടിൻെറയും ഗന്ധം ഉതിർത്തി ആ യുവ നിയമബിരുദധാരി എന്തിന് വിപ്ലവവീര്യം ഉൾകൊണ്ട് സഹസമരപോരാളികളുമായി ഹവാനയിലേക്ക് മാർച്ചു ചെയ്തു.മനുഷ്യസ്നേഹം,ആദർശ്ശധീരത!സോക്രട്ടീസ് പറഞ്ഞുവെച്ചിരിക്കുന്നത് ഇപ്രകാരമാണ്'ഭീരുക്കൾ പല തവണ മരിക്കുന്നു,ധീരൻ ഒരക്കൽ മാത്രം'!അതായിരുന്നു,സഖാവ് ഫിഡൽ കാസ്ട്രോ! കൂട്ടത്തിൽ അർജൻറീനൻ സമരപോരാളി ചെഗ്വേര,സ്വസഹോദരൻ റാവുൾ കാസ്ട്രോ,കമിലോ സീൻഫ്യൂഗസ്.അന്നേവരെ ആരും ദർശ്ശിക്കാത്ത 'ഗറില്ലാ'യുദ്ധം.ഭീകരമായ കൊടുംകാടിൻെറ ഉള്ളിൽ ഒളിച്ചിരുന്നുള്ള ഒളിയമ്പുയുദ്ധം!

അമേരിക്കയിലെ മയാമിയിൽ നിന്ന് നീണ്ടുനീണ്ടു പേകുന്ന തുരുത്തിലൂടെ മൈലുകൾ നീളമുള്ള പാലങ്ങൾ കടന്നാൽ കീവെസ്റ്റിലത്താം.അവിടെ നിന്ന് വെറുംനൂറ്റിയിരുപത്താറു കിലോമീറ്റർ മാത്രം ക്യൂബയിലേക്ക്.മയാമിയിൽ നിന്ന് ആഢംബരക്കപ്പിലുള്ള ക്രൂസ് ഈ അടുത്ത കാലത്ത് ആരംഭിച്ചിട്ടുണ്ട്,പ്രസിഡൻറ് ഒബാമയുടെ ക്യൂബയുമായുള്ള പുതിയ നയപ്രഖ്യാപനത്തെ തടുർന്ന്.ഈയിടെ ക്യൂബ കാണാനുള്ള അസുലഭഭാഗ്യം ഈ ലേഖകനുണ്ടായി .കാലകരണപ്പെട്ട ഒരുവിപ്ലവ ആശയത്തിൻെറ ബാക്കിപത്രം പോലെയാണ് ഞാൻ ഇന്നത്തെ ക്യൂബ ദർശ്ശിച്ചത്.തകർന്നടിഞ്ഞ ആശയവിപ്ലവത്തിൻെറ മാറാല പടിച്ച മുഖം!

ഒരുകാര്യം ശരിയായിരിക്കും,എല്ലാ വിപ്ലവങ്ങൾക്കും കാരണം ഫ്യൂഡലിസത്തിൻെറ ക്രൂരതകൾ തന്നെ.അതിനുദ്ദാഹരണം തന്നെ ഇന്തൻ സാതന്ത്ര്യസമരവും,കേരളത്തിലെ കമ്മ്യൂണിസത്തിൻെറ ഉദയവും.അക്കാരണത്താൽ തന്നെ ഞാൻ സഖാവ് ഇഎംസ്സ് നമ്പതിരിപ്പാടിനെയാണ്,ഫിഡൽ കാസ്ട്രോയോട് തുലനം ചയ്യാനാഗ്രഹിക്കുന്നത്,ഒന്നൊരു ലോകശ്രദ്ധ പിടിച്ചുപറ്റിയ വലിയ ദ്വീപും,മറ്റെത് ഒരുമഹാരാജ്യത്തിൻെറ പ്രോവിൻസ് എങ്കിൽകൂടി.

സഖാവ് നമ്പൂതിരിപ്പാട് അക്ഷരാർദ്ധത്തിൽ ഒരു രാജ്യസ്നേഹിയും ജനസേവകനുമായിരുന്നു.ഒരു ജന്മിപാരമ്പര്യത്തിൽ ജനിച്ച സവർണ്ണനായ നമ്പൂതിരിപ്പാട് എന്തിന് താഴെക്കിടയിൽ അവർണ്ണരുടെ ഇടയിലേക്ക് ഇറങ്ങി വന്നു,അല്ലങ്കിൽ അവരുടെ അവകാശങ്ങൾക്കു വേണ്ടി അടരാടി.അതു മനഷ്യത്വം!ജനസ്നേഹം!മനുഷ്യർ ഒന്നാണന്നും,എല്ലാ അവകാശങ്ങും ,സ്വാതന്ത്രങ്ങളും തല്ല്യമായി എല്ലാവർക്കും ഉള്ളതെന്ന് പച്ചയായി വിളിച്ചു പറയാനുള്ള ചേതോവികാരം എന്തുകൊണ്ടുണ്ടായി!അതിനെ വെറും ഇടതുപക്ഷ ചിന്ത എന്ന വാക്കിൽ സമർത്ഥിക്കുന്നതിൽ അതൊതുങ്ങുന്നില്ല.

എന്തുകൊണ്ട് സഖാവ് നമ്പൂതിരിപ്പാട് അത്തൊരമൊരാശയത്തിലേക്കു വന്നു.താനുൾപ്പെടുന്ന ജന്മിത്വത്തിൻെറ കൊടുംക്രൂരതകളും,വർണ്ണവെറികളും,അതിനൊക്കെ ഉപരി ഇന്ത്യൻ നാഷണൽ കോൺഗ്രസിൻെറ വഴിവിട്ട സഞ്ചാരവും!ഇതൊക്കെ തന്നെയല്ലേ ക്യൂബയിലും സംഭവിച്ചത്.കൊളോണിയൽ കാലത്തെ ക്രൂരപീഢനങ്ങളുടെ തിക്ത്താനുഭവങ്ങൾ!മദ്ധ്യകാല യൂറേപ്പിൽ നിന്നെഴുകി എത്തിയ ഈ അധിനിവേശത്തിന്,പ്രഭുക്കന്മാരും,രാജാക്കന്മാരും,എന്തിന് ക്രിസ്ത്യൻ സഭ വരെ അതിന് കളം ഒരുക്കിയിട്ടുണ്ടന്ന് നാം ചരിത്രത്തെ അറിയുമ്പോൾ ഞെട്ടിപേകുന്നു.

ഒരു പട്ടാള അട്ടിമറിയിലൂടെ ക്യൂബൻ ഭരണം കയ്യാളിയ സ്വേഛാധിപതി ഫുൾജൻസിയോ ബാറ്റിസ്റ്റാ,അമേരിക്കൻ മുതലാളിത്വത്തെ കൂട്ടുപിടിച്ചു നടത്തിയ ക്രൂരതയുടെ മുഖംമടിയാണ് ധീരധീരമായ ഗറില്ലാ പോരാട്ടത്തിലൂടെ കാസ്ട്രോയും കൂട്ടരും തട്ടിത്തെറിപ്പിച്ചത്. സ്വാതന്ത്ര്യം,സ്ഥിതിസമത്വം,തുല്ല്യ ജോലിക്ക് തുല്ല്യവേദനം,ഇവക്കൊക്കെ വേണ്ടി.അടിമകളെ പീഢിപ്പിക്കുകയും,അവർക്കാത്മാവല്ലാ എന്നു പ്രജരിപ്പിക്കുകയും ചയ്ത മദ്ധകാലയൂറോപ്പിൻെറ കടക്കാണ് കാസ്ട്രോയും കൂട്ടരും,കോടാലി വെച്ചതെന്ന് അഭിമാനിക്കാം!

എങ്കിലും ഒരു രാഷ്ട്രത്തെയും കമ്മ്യൂണിസം വികസ്സിപ്പിക്കുകയില്ല എന്ന പരമസത്യം,കമ്മ്യൂണിസത്തിൻെറ തികഞ്ഞ പരാധീനത എന്നത് ക്യൂബയിൽ ഒരാ സന്ദർശ്ശകനും തെളിഞ്ഞു കാണാം.ചിതലരിച്ച കൊട്ടാരങ്ങൾ,ഇടിഞ്ഞു പൊളിഞ്ഞ് ഇടുങ്ങിയ നഗരവീഥികൾ, തെരുവിൽ പാട്ടുപാടി സമ്പന്നരായ വിദേശിയരുടെ മുമ്പിൽ കൈനീട്ടുന്ന പച്ചപാവങ്ങൾ!ഇതാണ് ഒരു ആശയവിപ്ലവത്തിൻെറ പുഴുക്കുത്തു വീണവശങ്ങൾ!വികസനം കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങക്ക് എതിരണന്ന് ഏതൊരു ക്യൂബ സന്ദർശകനും തോന്നിപോകുമെതു തന്നെ പരമാർത്ഥം!തിന്നാനും ,കുടിക്കാനും,പാർക്കാനും,മറ്റെല്ലാവശ്യങ്ങൾക്കും റേഷൻ പോലെ നൽകുന്ന ഒരു ഭരണസമ്പ്രദായം സംപൂർണ്ണ ജനാധിപത്യത്തിലേക്ക് എത്തിച്ചിട്ടില്ല എന്നൊരു തോന്നൽ തൊണ്ണൂറാം വയസ്സിൽ മരിക്കുവരെ ഫിഡൽ കാസ്ട്രോക്ക് ഉണ്ടായിട്ടുണ്ടാകാം.

എങ്കിലും ധീരനും,നല്ല മനസ്സിൻെറ ഉടമയുമായിരുന്ന ഫിഡൽ കാസ്ട്രേക്ക് നമോവകം! ,ലോകം ഒരിക്കലും ധീരനായ ആ മനുഷ്യസ്നേഹിയെ വിസ്മരിക്കാതിരിട്ടെ!